# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2876** 18.06.2018 -ലെ മറുപടിയ്ക്ക്

**സർവ്വകലാശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | ഉത്തരം<br>പ്രൊഫ. സി രവീന്ദ്രനാഥ്<br>(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർവ്വകലാശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (എ) (ബി) & (സി) | കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.<br><br>കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെയും എം.ജി. സർവ്വകലാശാലയ്ക്ക് 132.75 കോടി രൂപയുടെയും പദ്ധതിയ്ക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ് , മലയാളം സർവ്വകലാശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ ഗവേണൻസ് പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയ്ക്ക് ഒരു ഏകീകൃത രൂപം നിർദ്ദിഷ്ട ഇ ഗവേണൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ കൈവരിക്കാനാകുമെന്ന് കരുതുന്നു. |
| (ബി) | പരീക്ഷാ ഫലം വന്ന് വർഷങ്ങൾ പിന്നിട്ട ശേഷം മാത്രമാണ് ഒറിജിനൽ സർട്ടിഫിക്കറ്റുകൾ , വിദേശപഠനത്തിനും ജോലിക്കും ആവശ്യമായ ട്രാൻസ്ക്രിപ്റ്റുകൾ എന്നിവ സർവ്വകലാശാലകൾ ലഭ്യമാക്കുന്നുള്ളൂ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | സർവ്വകലാശാല പരീക്ഷകൾ യഥാസമയം നടത്തുന്നതിനും പരീക്ഷാഫലം വന്ന് കാലവിളംബം കൂടാതെ തന്നെ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ